ഉത്തരം

(എ,ബി) പഞ്ചായത്ത് ഡയറക്ടറാഫീസിൽ ഈ ശുപാർശ കിട്ടിയിട്ടുണ്ടായിരുന്നില്ല.

(സി) മേൽ ശുപാർശയുടെ ഒരു കോപ്പി വീണ്ടും ജില്ലാ പഞ്ചായത്താഫീസർ അയച്ചത് 8-7-1985-ൽ ഡയറക്ടറാഫീസിൽ കിട്ടിയിട്ടുണ്ട്. അതിൻമേൽ നടപടി എടുത്തുവരുന്നു.

കറുപ്പം റോഡ് ജംഗ്ഷനിലെ ഷോപ്പിംഗ് കോംപ്ലക്സ്

1303. [1772] ശ്രീ. കെ. ജെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ മുനിസിപ്പാലിറ്റിയിലുള്ള കറുപ്പം റോഡ് ജംഗ്ഷനിൽ പണിയുന്ന ഷോപ്പിംഗ് കോംപ്ലക്സ് എന്നത്തേക്ക് പണി തീരുമെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പണി തുടങ്ങിയത് ഏത് വർഷമാണ് ;

(സി) ഇത് പണിയുന്ന കരാറുകാർക്ക് വല്ല സംഖ്യയും കൊടുക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര സംഖ്യയുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കറുപ്പം റോഡ് ജംഗ്ഷന്റെ പടിഞ്ഞാറുഭാഗത്തുള്ള കെട്ടിടത്തിന്റെ പണി 30-9-1985-നു മുമ്പ് തീരുമെന്ന് പ്രതീക്ഷിക്കുന്നു. കിഴക്കുഭാഗത്തുള്ള കെട്ടിടത്തിന്റെ പണി ബഹുമാനപ്പെട്ട കോടതിയിൽനിന്നുള്ള സ്റ്റേ ഉത്തരവിൻമേൽ നിറുത്തിവച്ചിരിക്കുകയാണ്.

(ബി) പടിഞ്ഞാറുഭാഗത്ത് കെട്ടിടത്തിന്റെ പണി 1-1-1982-നും കിഴക്കുഭാഗത്തെ കെട്ടിടത്തിന്റെ പണി 25-6-1983-നും ആരംഭിച്ചു.

(സി, ഡി) പടിഞ്ഞാറുഭാഗത്തുള്ള കെട്ടിടത്തിന് 41.96,610 രൂപയും കിഴക്കുഭാഗത്തുള്ള കെട്ടിടത്തിന് 4,32, .40 രൂപയും നൽകിയിട്ടുണ്ട്. പടിഞ്ഞാറുഭാഗത്തുള്ള കെട്ടിടത്തിന്റെ പണിവകയിൽ 2,70,516 രൂപ ബാക്കി കൊടുക്കുവാനുണ്ട്.

അഗളി പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാളിന്റെ പണി

1304. [1773] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഴിന പരിപാടിയനുസരിച്ച് അഗളി പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാളിന്റെ പണി തുടങ്ങിയത് എന്നാണ് ;

(ബി) ഇപ്പോൾ കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണ് ,

(സി) ഇതിനകം എത്ര രൂപ ചെലവായി ;

(ഡി) ഇതിന്റെ പണി തീർക്കുവാനാവശ്യമായ സത്വര നടപടികൾ ഗവൺമെന്റ് കൈക്കൊള്ളുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1981-82 വർഷത്തിലാണ് പണി തുടങ്ങിയത്

(ബി) ഹാളിന്റെ നിർമ്മാണം ലിന്റൽ ലവൽ വരെ എത്തിയിട്ടുണ്ട്.

(സി) 32,943 രൂപ.

(ഡി) ഇതിനാവശ്യമായ നിർദ്ദേശം അഗളി പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസർക്ക് നൽകിയിട്ടുണ്ട്.

ഓപ്പൺ എയർ തിയേറ്റർ

1305. [1774] ശ്രീ. സി. കെ. ചക്രപാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഗ്രാമപ്രദേശങ്ങളിലെ ഓപ്പൺ എയർ തിയേറ്റർ നിർമ്മിക്കുന്നതിന് 1980-81, 1982-83, 1983-84, 1984-85 എന്നീ വർഷങ്ങളിൽ എന്തു തുക വീതം പഞ്ചായത്തുകൾക്ക് വിതരണം ചെയ്തിട്ടുണ്ട് :

(ബി) ഈ ഇനത്തിൽ ഓരോ വർഷവും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച തുക എത്ര ?

ഉത്തരം

(എ) 1980-81, 1981-82, 1983-84, 1984-85 എന്നീ വർഷങ്ങളിൽ ഒരു ലക്ഷം രൂപ വീതവും 1982-83-ൽ തൊണ്ണൂറ്റി അയ്യായിരം രൂപയും വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഓരോ വർഷവും ഒരു ലക്ഷം രൂപ വീതം ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു.

ഏലൂർ മണ്ണംതുരുത്ത് ചേരാനല്ലൂർ സർക്കുലർ ഫെറി സർവ്വീസ്

1306. [1775] ശ്രീ. ടി. കെ. അബ്ദു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏലൂർ, ചേരാനല്ലൂർ പഞ്ചായത്തുകൾ ചേർന്ന് നടത്തുന്ന ഏലൂർ മണ്ണംതുരുത്ത് ചേരാനല്ലൂർ സർക്കുലർ ഫെറി സർവ്വീസ് കോൺട്രാക്റ്റ് എടുത്തിരിക്കുന്നവർ ലേല വ്യവസ്ഥയ്ക്ക് വിപരീതമായി ഏകപക്ഷീയമായി ചാർജ്ജ് വർദ്ധിപ്പിച്ചിരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ബസ്സിനും അതിലെ യാത്രക്കാർക്കും പ്രത്യേകം കടത്തുകൂലി ഈടാക്കുന്ന നടപ്പടിക്കെതിരെ ബഹുജനങ്ങൾ പ്രക്ഷോഭണം നടത്തുന്നതായറിയാമോ ;

(സി) അടിയന്തിരമായും ഈ പ്രശ്നത്തിൽ ഇടപ്പെട്ട് അന്യായമായി വർദ്ധിപ്പിച്ച ഫെറി ചാർജ്ജ് കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോൾ പ്രക്ഷോപണമൊന്നും നടത്തുന്നില്ല.

(സി) പ്രശ്നം പരിഹരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly